# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 467** **02-12-2014 ലെ മറുപടിയ്ക്ക്**

## സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കോടിയേരി ബാലകൃഷ്ണൻ :** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) സംസ്ഥാനത്ത് എത്ര സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ; | എ) വാണിജ്യ നികുതി വകുപ്പിൽ 2014 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പ്രകാരം കേരള മണി ലെൻഡേഴ്സ് ആക്ടിൻ കീഴിൽ 9180 ലൈസൻസികളുണ്ട്.<br>2014 സെപ്തംബർ 30 വരെ 156 നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികൾ (NBFCs) റിസർവ്വ് ബാങ്കിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>270 ഫിനാൻസിംഗ് കമ്പനികൾ, കമ്പനി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) ഈ സ്വകാര്യ സ്ഥാപനങ്ങളിൽ എന്തു തുക നിക്ഷേപമായിട്ടുണ്ടെന്നും എന്തു തുക വായ്പയായി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ; | ബി) റിസർവ്വ് ബാങ്കിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികൾ 31-03-2014 വരെ 191.46 കോടി രൂപ നിക്ഷേപമായി സ്വീകരിക്കുകയും 45621.17 കോടി രൂപ വായ്പയായി നൽകുകയും ചെയ്തിട്ടുണ്ട്. കേരള മണിലെൻഡേഴ്സ് ആക്ടിൻകീഴിൽ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| സി) റിസർവ്വ് ബാങ്കിന്റെ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന എത്ര സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ; | സി) & ഡി) കൃത്യമായ കണക്കുകൾ ലഭ്യമല്ല. എന്നിരുന്നാലും 2014 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പ്രകാരം കേരള മണിലെൻഡേഴ്സ് ആക്ടിൻ കീഴിൽ 9180 ലൈസൻസികളുണ്ട്. 270 ഫിനാൻസിങ് കമ്പനികൾ കമ്പനി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

**ഡി)** ഇത്തരം ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

മണിലെൻഡേഴ്സ് ആക്ട് പ്രകാരമുള്ള ലൈസൻസ് ഇല്ലാതെയോ, കമ്പനി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്ട്രേഷൻ എടുക്കാതെയോ അനധികൃതമായി പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ സംസ്ഥാന പോലീസ് വകുപ്പും വാണിജ്യ നികുതി വകുപ്പും കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ലൈസൻസ് ഇല്ലാതെ മണി ലെൻഡിംഗ് പ്രവൃത്തികളിൽ ഏർപ്പെടുന്നവർക്കെതിരെ മണിലെൻഡിംഗ് നിയമത്തിന്റെ കീഴിൽ നടപടികൾ സ്വീകരിക്കുവാനായി ലൈസൻസിംഗ് അതോറിറ്റിയായ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മിഷണർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെയോ ലൈസൻസിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ മണിലെൻഡിംഗ് പ്രവർത്തനങ്ങൾ നടത്തിയാൽ തടവുശിക്ഷയും പിഴയും നൽകുന്നതിന് മണിലെൻഡേഴ്സ് ആക്ട് സെക്ഷൻ 17 – ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ തദനുസരണമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇത്തരം സ്ഥാപനങ്ങൾ അമിത പലിശ ഈടാക്കുന്നതായി ബോധ്യപ്പെട്ടാൽ സെക്ഷൻ 18 ഡി (1) പ്രകാരം അധികമായി ഈടാക്കിയ തുക കണ്ടുകെട്ടുന്നതിനും പിഴ ചുമത്തുന്നതിനും കണ്ടുകെട്ടിയ തുക വായ്പ എടുത്ത ആൾക്ക് തിരികെ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ